മമാക്കുന്നതിനെ തമിഴർ ചെറുക്കുന്നതും ഇതു നിമിത്തം രക്തച്ചൊരിച്ചിൽവരെ ഉണ്ടാവുന്നതും നാം കാണുന്നു.

പഞ്ചാബിലെ നദീജലം രാജസ്ഥാനു കൊടുക്കരുതെന്നതാണ് അകാലികളുടെ ഒരു വാദം.

അനാരോഗ്യകരങ്ങളായ ഈ മത്സരങ്ങൾക്കിടയിൽ, സംസ്ഥാനങ്ങൾ തമ്മിലുള്ള ആത്മാർത്ഥമായ പരസ്പരസഹകരണത്തിന്റെ ഉത്തമ മാതൃകയാണ് തെലുഗുഗംഗാപദ്ധതി.

പദ്ധതിക്ക് കൃഷ്ണാപദ്ധതിയെന്നല്ലാതെ തെലുഗുഗംഗാപദ്ധതിയെന്നു പേരിട്ടതും ഉചിതമായി. ഈ പേരിലൂടെ, തെലുങ്കരുടെ ഔദാര്യത്തെ തമിഴർ എക്കാലവും ഓർക്കുന്നതായിരിക്കും. 'തെലുഗു ഗംഗ'കൊണ്ടാണല്ലോ അവരുടെ ദാഹശമനം. കൃഷ്ണയെ ഗംഗയെന്നു വിളിക്കുന്നതുവഴി തെലുങ്കർ ഇന്ത്യയുടെ സാംസ്കാരികൈക്യമെന്ന സങ്കല്പത്തെ ദൃഢപ്പെടുത്തുകകൂടി ചെയ്തിരിക്കുന്നു. കേന്ദ്രഗവണ്മെന്റുമായി വരുമാനം പങ്കിടുന്നതു സംബന്ധിച്ചും ഭരണപരമായ കാര്യങ്ങളിലും എന്തെല്ലാം അഭിപ്രായ വ്യത്യാസങ്ങളുണ്ടെങ്കിലും, ഇന്ത്യയുടെ ഐക്യത്തിൽ ദാക്ഷിണാത്യ സംസ്ഥാനങ്ങൾക്ക് അങ്ങേ അററത്തെ താല്പര്യമുണ്ടെന്ന പ്രഖ്യാപനം കൂടി ആ പേരിൽ അടങ്ങുന്നു.

കൃഷ്ണാനദീജലത്തിന്റെ വലിയൊരു പങ്ക് തമിഴ്നാടിനു സംഭാവനചെയ്യുവാനുള്ള ധീരമായ തീരുമാനം ഇത്ര വേഗത്തിലും വില പേശാതെയും തികഞ്ഞ സൗമനസ്യത്തോടെയും കൈക്കൊള്ളുവാൻ ശ്രീ എൻ. ടി.രാമറാവുവിനു കഴിഞ്ഞതു് സ്റ്റേററിലെ മുഴുവൻ ജനങ്ങളുടെയും പിന്തുണ തനിക്കുണ്ടെന്ന വിശ്വാസംമൂലമാണ്.

സമർത്ഥനായ ഒരു രാഷ്ട്രീയപ്രവർത്തകനാണു താനെന്ന് ശ്രീ രാമറാവു മുമ്പേ തെളിയിച്ചിട്ടുണ്ട്. ഉദാരഹൃദയനായ ഒരു രാഷ്ട്രനിർമാതാവുകൂടിയാണു താനെന്ന് തെലുഗുഗംഗാപദ്ധതിയിലൂടെ ഇപ്പോൾ തെളിയിച്ചിരിക്കുന്നു.

(26 മേയ്, 1983)

# 45. വിജയവാഡ സമ്മേളനം

ആന്ധ്രപ്രദേശ് മുഖ്യമന്ത്രി ശ്രീ എൻ. ടി. രാമറാവുവിന്റെ അറുപത്തൊന്നാം പിറന്നാളിനോടും, ശ്രീ റാവുവിന്റെ പാർട്ടിയായ 'തെലുഗുദേശ'ത്തിന്റെ ഒന്നാം വാർഷികത്തോടും അനുബന്ധിച്ച് ഇന്ദിരാകോൺഗ്രസ്സിനെ എതിർക്കുന്ന പതിന്നാലു രാഷ്ട്രീയപ്പാർട്ടികളുടെ ഇരുപത്തിനാലു വലിയ നേതാക്കൾ പങ്കെടുത്ത ആലോചനായോഗം, മേയ് 28-ാം തീയതി വിജയവാഡയിൽനിന്നു പതിനാറു കി. മീ. ദൂരെ ഇബ്രാഹിംപട്ടണം എന്ന സ്ഥലത്ത് കുന്നിൻമുകളിലുള്ള വിജയവാഡ തെർമൽ പവർ സ്റ്റേഷന്റെ അതിഥിമന്ദിരത്തിൽ നാലര മണിക്കൂർ നേരം നടന്നു. കാശ്മീർ, കർണാടകം, ആന്ധ്രപ്രദേശ്, തമിഴ്നാട് എന്നീ സ്റ്റേററുകളിലെ മുഖ്യമന്ത്രിമാർ യോഗത്തിൽ സന്നിഹിതരായി. ഇവർക്കു പുറമേ, സമകാല ഭാരത രാഷ്ട്രീയത്തിലെ അതികായന്മാരെന്നു കരുതപ്പെടുന്ന ജഗ്ജീവൻ റാം, എച്ച്. എൻ. ബഹുഗുണ, എസ്. എസ്. ബർണാല (അകാലിദൾ), എൽ. കെ. അഡ്വാനി (ബി. ജെ. പി.), രവീന്ദ്രവർമ (ജനത), എസ്. എൻ. മിശ്ര (ലോക്ദൾ), ശരദ്പവാർ(കോൺഗ്രസ് എസ്.) ബാസവപുന്നയ്യ (മാർക്സിസ്റ്റ്), രാജേശ്വരറാവു (സി. പി. ഐ.),

കെ. പി. ഉണ്ണികൃഷ്ണൻ, ശ്രീമതി മനേകാഗാന്ധി മുതലായവരും ആലോചനായോഗത്തിൽ എത്തിച്ചേർന്നിരുന്നു. ശ്രീ റാമറാവു ആതിഥേയനെന്ന നിലയിൽ ഈ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

ഇന്ദിരാഗാന്ധിയെ അധികാരഭ്രഷ്ടയാക്കി, ഇന്ത്യയിലെ കേന്ദ്രഭരണം ഏറെറടുക്കാൻ കഴിവുള്ള ഒരു വികല്പം നിലവിൽ വരുത്തുകയാണു ലക്ഷ്യം. സിനിമാരംഗം വിട്ട് രാഷ്ട്രീയരംഗത്തിൽ പ്രവേശിക്കുകയും, 'തെലുഗുദേശം' എന്ന പാർട്ടിയെ ശൂന്യതയിൽനിന്നെന്നവണ്ണം സൃഷ്ടിക്കുകയുംചെയ്ത് കേവലം ഒമ്പതു മാസങ്ങൾക്കകം ആന്ധ്രപ്രദേശിൽ ഇന്ദിരാകോൺഗ്രസ്സിനെ തറപറ്റിക്കാൻ ശ്രീ രാമറാവുവിനു കഴിഞ്ഞു. 1983 ജനുവരി 9-ാം തീയതി ആന്ധ്ര മുഖ്യമന്ത്രിയായി പ്രതിജ്ഞചെയ്ത് ഏറെ താമസിയാതെ ശ്രീ റാവു ഡൽഹി സന്ദർശിക്കുകയും, എതിർകക്ഷിനേതാക്കളുമായി രണ്ടു തവണ കൂടിയാലോചനകൾ നടത്തുകയുമുണ്ടായി. പിന്നീടു ചേർന്ന ദക്ഷിണേന്ത്യൻ മുഖ്യമന്ത്രിമാരുടെ സമ്മേളനവും ശ്രീ രാമറാവുവിനു പ്രോത്സാഹനം നൽകിയിരിക്കണം. വിജയവാഡയിൽ നടന്ന 'തെലുഗുദേശം' പാർട്ടിയുടെ ഒന്നാം സമ്മേളനത്തിനൊരു മാസംമുമ്പ് ശ്രീ രാമറാവു ടെലിഫോണിലൂടെയും കത്തുകൾ വഴിയും ജഗ്ജീവൻറാം, ബഹുഗുണ, ബി. ടി. രണദിവേ മുതലായവരുമായി സമ്പർക്കംപുലർത്തി. ഇബ്രാഹിംപട്ടണത്തിൽ നടന്ന ആലോചനായോഗത്തിനു് ആറു വിഷയങ്ങൾ ഉൾക്കൊള്ളുന്ന ഒരു അജണ്ട തയ്യാറാക്കിയതു് ബഹുഗുണയും, രവീന്ദ്രവർമ്മയും ചേർന്നാണത്രേ. ദേശീയൈക്യം, പ്രാദേശികപാർട്ടികൾ, കേന്ദ്ര—സംസ്ഥാനബന്ധങ്ങൾ, ദരിദ്രനിവാരണം, ദേശീയപ്രശ്നങ്ങൾ പരിഹരിക്കുന്നതിനു് കേന്ദ്രഗവണ്മെൻറ് കൈക്കൊള്ളുന്ന നയം, പ്രകൃതികോപങ്ങൾ എന്നിവയാണു് ചർച്ചയ്ക്കു നിർദേശിച്ച വിഷയങ്ങൾ.

ഈ വിഷയങ്ങൾ ഒന്നും ഗൗരവപൂർവം ചർച്ചചെയ്യാൻ ആലോചനായോഗത്തിൽ പങ്കെടുത്ത നേതാക്കൾ തയ്യാറായില്ല. അവരിൽ ചിലർ വൈകിവന്നു. മററു ചിലർ നേരത്തെ സ്ഥലംവിട്ടു. അവരുടെ പ്രസംഗങ്ങൾ എല്ലാം പൊതുസ്വഭാവമുള്ളവ മാത്രമായിരുന്നു.

പ്രാരംഭപ്രസംഗത്തിൽ ശ്രീ രാമറാവു ഇന്ദിരാകോൺഗ്രസ്സിനു പകരം ഒരു വൈകല്പികസംവിധാനം കേന്ദ്രത്തിൽ ഉണ്ടാക്കുന്നതിനെപ്പററി പ്രകടമായി ഒന്നും പറഞ്ഞില്ല. ഇന്ദിരാകോൺഗ്രസ്സിതര പാർട്ടികൾക്കിടയിൽ ഐക്യമുണ്ടാവേണ്ടതിൻെറ ആവശ്യത്തിലായിരുന്നു അദ്ദേഹത്തിൻെറ ഊന്നൽ. തമിഴ്നാട്, കർണാടകം, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ കേന്ദ്രഗവണ്മെൻറിൻെറ ഇടപെടൽ കൂടാതെ പരസ്പര ചർച്ചകളിലൂടെ പരിഹരിച്ചുകൊള്ളാമെന്നു് കർണാടക മുഖ്യമന്ത്രി ശ്രീ രാമകൃഷ്ണ ഹെഗ്ഡേ ഏററു. ഇന്ദിരാഗാന്ധിയുടെ തെററായ നയങ്ങൾ കാരണം ഇന്ത്യയിൽ ജനാധിപത്യവും മതനിരപേക്ഷതയും അപകടത്തിലായിട്ടുണ്ടെന്നു് ജഗ്ജീവൻറാം പ്രഖ്യാപിച്ചു. ഇന്ദിരാകോൺഗ്രസ് ദുർഭരണത്തിൻെറ അഴിമതിയിൽനിന്നും സ്വജനപക്ഷപാതത്തിൽനിന്നും ആന്ധ്രപ്രദേശത്തെ ഉദ്ധരിച്ച ശ്രീ രാമറാവു, തൻെറ പ്രസ്ഥാനം ഇന്ത്യയിൽ മുഴുവൻ വ്യാപിപ്പിക്കണമെന്നു് ബഹുഗുണ അഭ്യർത്ഥിച്ചു. സിക്കുകാർ ഇന്ത്യക്കാരാണെന്നും, അവർ ഖാലിസ്ഥാൻ രൂപവൽക്കരിച്ച് ഇന്ത്യയിൽനിന്നു വിട്ടുപോവുകയില്ലെന്നും ബർണാല പ്രഖ്യാപിച്ചു. പ്രാദേശികപാർട്ടികൾ ദേശീയൈക്യത്തെ അപകടപ്പെടുത്തുകയില്ലെന്നു് 'തെലുഗുദേശം' തെളിയിച്ചതായി ശരത് പവാർ പറഞ്ഞു. ഇന്ദിരാകോൺഗ്രസ്സിൻെറ ദുഷ്പ്രവൃത്തികൾ തടയുന്നതിൽ കോൺഗ്രസ്സിതര ഗവണ്മെൻറുകൾ മാർക്സിസ്റ്റ് ഗവണ്മെൻറുകളെ മാതൃകയാക്കണമെന്നായിരുന്നു ബാസവ പുന്നയ്യയുടെ അഭിപ്രായം.

തങ്ങൾ ഇന്ദിരാഗാന്ധിയുടെ വിദേശനയത്തെ അനുകൂലിക്കുകയും ആഭ്യന്തരനയത്തെ എതിർക്കുകയും ചെയ്യുന്നുണ്ടെന്ന് രാജേശ്വരറാവു പറഞ്ഞു.

'ഇന്ന് ഇവിടെ കൂടിയിരിക്കുന്നവരെ, 'പറയേണ്ടതു പറയാനും ചെയ്യേണ്ടതു ചെയ്യാനും' വിധി തെരഞ്ഞെടുത്തിരിക്കുന്നു' എന്ന് ഉദ്ഘാടനപ്രസംഗത്തിൽ രാമറാവു പ്രസ്താവിച്ചെങ്കിലും, ഇന്ദിരാ കോൺഗ്രസ് ഭരണത്തോടുള്ള എതിർപ്പു പതിവിൻപടി പ്രകടിപ്പിക്കുകയല്ലാതെ, ആ ഭരണത്തെ സ്ഥാനഭ്രഷ്ടമാക്കുന്നതിനു കരുത്തുള്ള ഒരു വൈകല്പികശക്തികേന്ദ്രം രൂപപ്പെടുത്തുന്നതിനെപ്പററി സമ്മേളനത്തിൽ ആരും സംസാരിച്ചില്ല. പഞ്ചാബ്, അസാം, ദേശീയൈക്യം മുതലായ പ്രശ്നങ്ങളെപ്പററി തങ്ങൾക്കിടയിൽ അഭിപ്രായവ്യത്യാസങ്ങളുള്ളതിനാലാണു ചർച്ചകൾ വിശദാംശങ്ങളിലേക്കു കടക്കാതിരുന്നതെന്നു പിന്നീട് ജഗജീവൻറാം മദ്രാസിൽ പറഞ്ഞു. ഇന്ദിരാകോൺഗ്രസ്സിതരപാർട്ടികൾക്കിടയിൽ ഒരു 'ശിഥില ഫെഡറേഷൻ' രൂപവൽക്കരിക്കുന്നതിനെക്കുറിച്ചുപോലും അവർ ആലോചിച്ചില്ല. എങ്കിലും, ഈ ആലോചനായോഗത്തിൽ പങ്കെടുത്തവർ, വരുന്ന ജൂലൈയിൽ കാശ്മീരിൽ ഒത്തുകൂടാൻ തീരുമാനിച്ചിട്ടുണ്ടെന്നും ജഗജീവൻറാം വെളിപ്പെടുത്തി. കൂടിയാലോചനയുടെ പ്രക്രിയ തുടരുമെന്നർത്ഥം.

ഇന്ത്യയിലെ ഇന്നത്തെ കുഴപ്പങ്ങൾക്കു കാരണം, കേന്ദ്രം ഭരിക്കുന്ന ഇന്ദിരാകോൺഗ്രസ്സിന്റെ നയവൈകല്യങ്ങളാണെന്ന കാര്യത്തിൽ എതിർകക്ഷികൾ യോജിച്ചതിനാൽ വിജയവാഡ സമ്മേളനം വിജയിച്ചു എന്ന് ജൂൺ 3—ാം തീയതി കൽക്കട്ടയിൽ ചേർന്ന മാർക്സിസ്റ്റ് പാർട്ടിയുടെ പോളിററ്ബ്യൂറോ പ്രസ്താവിച്ചു.

പ്രാദേശികതയുടെ അതിരുകൾ കടന്ന് രാമറാവു അഖിലേന്ത്യാ നേതാക്കളിലൊരാളായിത്തീർന്നതാണ് വിജയവാഡ സമ്മേളനത്തിന്റെ പ്രധാന ഫലമെന്ന് രഘുനാഥ റെഡ്ഡി അഭിപ്രായപ്പെട്ടു.

വിജയവാഡ സമ്മേളനത്തിനുശേഷം, അതിൽ സംബന്ധിച്ച നേതാക്കന്മാർ ഒരു സംയുക്തപ്രസ്താവന പുറപ്പെടുവിച്ചു. സജീവ ദേശീയ പ്രാധാന്യമുള്ള പ്രശ്നങ്ങളെപ്പററി ആലോചനകളുടെയും സംഭാഷണങ്ങളുടെയും ഒരു പ്രക്രിയയ്ക്കു തുടക്കം കുറിച്ച രാമറാവുവിനെ ഈ പ്രസ്താവന വാഴ്ത്തി. പ്രസ്താവന ഇങ്ങനെ തുടർന്നു:

'സ്വതന്ത്രരാഷ്ട്രമെന്ന നിലയിൽ നാം നിലനിന്ന ഇക്കഴിഞ്ഞ മുപ്പത്തഞ്ചു വർഷങ്ങളിൽ, മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തവിധം ഇന്നു രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും ഭീഷണിക്കു വിധേയമായിരിക്കുന്നു. ജനവിഭാഗങ്ങളുടെയും വ്യത്യസ്ത പ്രദേശങ്ങളുടെയും അടിയന്തര പ്രശ്നങ്ങൾക്കു സ്വീകാര്യമായ പരിഹാരങ്ങൾ യഥാകാലം കണ്ടെത്തുന്നതിൽ കേന്ദ്രത്തിലെ ഭരണകക്ഷി പരാജയപ്പെട്ടതിൽനിന്ന് ഉത്ഭവിച്ചതാണ് ഈ ഭീഷണി. ഛിദ്രവാസനകളും ജാതി—മതശക്തികളും, പ്രധാനമന്ത്രി അടക്കം ഭരണകക്ഷിയിലെ അംഗങ്ങളുടെ ആശങ്കാകരങ്ങളായ പ്രസ്താവനകളും, ദേശീയൈക്യത്തെ ഭീഷണിപ്പെടുത്തുന്നതിൽ ഈ യോഗത്തിന് അഗാധമായ മനോവേദനയുണ്ട്.

'ഇന്നത്തെ കുഴപ്പങ്ങൾക്ക് ഉത്തരവാദികൾ എതിർകക്ഷികളാണെന്ന പ്രധാനമന്ത്രിയുടെ പ്രസ്താവന തികച്ചും നിരുത്തരവാദിത്തപരമാണെന്നു പ്രസ്താവന എടുത്തുകാട്ടി. പൊതുജീവിതത്തിലും ഭരണത്തിലും നിലവാരങ്ങളും മര്യാദകളും കൂടുതൽകൂടുതൽ അപ്രത്യക്ഷങ്ങളായിക്കൊണ്ടിരിക്കുന്നതിന്റെ ഉത്തരവാദിത്തം ഭരണകക്ഷിയുടേതാണ്. ജനാധിപത്യത്തിന്റെ ആധാരശിലകളായ സ്ഥാപനങ്ങൾ ചിട്ടയോടെ നശിപ്പിക്കപ്പെട്ടുവരുന്നു. തെരഞ്ഞെടുപ്പുകമ്മീഷന്റെ സ്വാതന്ത്ര്യംതന്നെ സംശയാ

സ്പഷ്ടമായിരിക്കുന്നു. ഇതു സംബന്ധിച്ച ജനങ്ങളുടെ സന്ദേഹങ്ങൾ ഉടൻ ദൂരീകരിക്കണമെന്നു പ്രസ്താവന ആവശ്യപ്പെട്ടു.

'കേന്ദ്രഗവണ്മെൻറും സംസ്ഥാനങ്ങളും തമ്മിലുള്ള ബന്ധം പുനരാലോചിക്കണമെന്നും, ഇതിനായി നിയോഗിക്കപ്പെട്ട സാർക്കാരിയ കമ്മീഷന്റെ നിയമാവലി സ്റ്റേററ് ഗവണ്മെൻറുകളോടും പാർലമെൻറിലെ എതിർകക്ഷികളോടും കൂടിയാലോചിച്ചുവേണം രൂപവൽക്കരിക്കാനെന്നും പ്രസ്താവന തുടർന്നു. ഫെഡറേഷൻ എന്ന സങ്കല്പനം വികസിപ്പിക്കാനും, സ്റ്റേററുകൾക്കു കൂടുതൽ അധികാരം നൽകാനും ഫലപ്രദമായ നടപടികൾ കൈക്കൊള്ളണം. ഭരണഘടനയുടെ സ്പിരിററിനെതിരായി കേന്ദ്രം സ്റ്റേററുകളുടെ അധികാരങ്ങളിൽ കൈകടത്തുന്നതു നിർത്തണം. എന്തു വില നൽകിയും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും നിലനിർത്താൻ പ്രസ്താവന ജനങ്ങളെ ഉദ്ബോധിപ്പിച്ചു.

'നയങ്ങൾ, പരിപാടികൾ എന്നിവയുടെ കാര്യത്തിൽ വിരുദ്ധവീക്ഷണങ്ങളുള്ള വിഭിന്നഘടകങ്ങൾ, പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയെ അധികാരഭ്രഷ്ടയാക്കുന്നതിനുവേണ്ടി ഉണ്ടാക്കിയ അവിശുദ്ധമായ ഒരു കൂട്ടുകെട്ട്' എന്നാണ് വിജയവാഡ സമ്മേളനത്തെപ്പററി ഇന്ദിരാ കോൺഗ്രസ് അദ്ധ്യക്ഷൻ കമലാപതി ത്രിപാഠി പ്രസ്താവിച്ചതു്. സമ്മേളനത്തിൽനിന്നു് ഉരുത്തിരിഞ്ഞുവന്നതു് എന്തു് എന്നു്, സമ്മേളനത്തിൽ പങ്കെടുത്തവരോടുതന്നെ ചോദിക്കണമെന്നും അദ്ദേഹം പറഞ്ഞു. ശ്രീമതി ഇന്ദിരാഗാന്ധിയുടെയും പ്രതികരണം ഏറെക്കുറെ ഇതുതന്നെയായിരുന്നു.

ഇന്ദിരാകോൺഗ്രസ്സിനെ അധികാരത്തിൽനിന്നു തുരത്തുക എന്ന പരിമിതലക്ഷ്യത്തോടെയാണെങ്കിലും പരസ്പരം യോജിച്ചു് ഒരു പരിപാടി തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ ആത്മാർത്ഥതയോടെ പ്രവർത്തിക്കാൻ ഇന്നു് ഇന്ത്യയിലുള്ള വിവിധ എതിർപാർട്ടികൾക്കു കഴിവില്ലെന്നുള്ള വസ്തുത വിജയവാഡ സമ്മേളനം ഒരിക്കൽക്കൂടി അസന്ദിഗ്ദ്ധമായി തെളിയിച്ചു. തെരഞ്ഞെടുപ്പുകളിൽ കൂട്ടുകെട്ടുകളുണ്ടാക്കുക എന്നിടത്തോളം പോകാനേ അവ തയ്യാറുള്ളു.

സമ്മേളനത്തിൽ രാമറാവു ചൂണ്ടിക്കാണിച്ചമാതിരി, എട്ടു സംസ്ഥാനങ്ങളിൽ ഇന്നു ഭരണം നടത്തുന്നതു് ഇന്ദിരാകോൺഗ്രസ്സല്ല, ഇന്ദിരാകോൺഗ്രസ്സിന്റെ ഭരണത്തിൽ ജനങ്ങൾ പരക്കെ അസംതൃപ്തരാണെന്നതും പ്രകടമായ പരമാർത്ഥമാണു്.

പക്ഷേ, എന്താണു മററു പോംവഴി? എന്താണു വികല്പം?

'പ്രാദേശിക പാർട്ടികളുടെ ഒരു ഫെഡറേഷൻ' എന്ന ഉത്തരം വിജയവാഡ സമ്മേളനത്തിനു മുമ്പു് ഉന്നയിക്കപ്പെട്ടിരുന്നു. വിജയവാഡ സമ്മേളനം ഈ ഉത്തരത്തിൽ ഊന്നുകയുണ്ടായില്ല. കാരണം, വിജയവാഡ സമ്മേളനത്തിൽ പങ്കെടുത്തവരിൽ രാമറാവു, എം. ജി. രാമചന്ദ്രൻ, ഫാറൂഖ് അബ്ദുള്ള എന്നിവർ മാത്രമേ പ്രാദേശികപാർട്ടികളുടെ നേതാക്കളായിരുന്നുള്ളു.

മററുള്ളവരുടെയെല്ലാം നാട്യം തങ്ങൾ അഖിലേന്ത്യാ (ദേശീയ) പാർട്ടികളുടെ തലവന്മാരാണെന്നത്രേ.

ഈ അഖിലേന്ത്യാ പാർട്ടികളിൽ മാർക്സിസ്റ്റ് പാർട്ടിയും സി. പി. ഐ. യും, ഭാരതീയ ജനതാപാർട്ടിയും ഒഴികെ മറെറല്ലാം കോൺഗ്രസ്സിന്റെ തകർച്ചയിൽനിന്നു പൊട്ടിത്തെറിച്ച നുറുങ്ങുകൾ മാത്രമാണു്. ഭരണത്തിലുള്ള പങ്കാളിത്തവും, ഉദ്യോഗകാലത്തു് കാണിച്ച (അല്ലെങ്കിൽ കാണിച്ചതായി കുപ്രസിദ്ധിയുള്ള) അഴിമതികളും, കൂടെക്കൂടെയുള്ള കാലുമാററങ്ങളും, ഈ പാർട്ടികളുടെയും അവയുടെ നേതാക്കളുടെയും വിശ്വാസ്യതയെ എന്നന്നേക്കുമായി നശിപ്പിച്ചിരിക്കുന്നു.

അതേസമയം, തെലുഗുദേശവും അണ്ണാ ദ്രാവിഡ മുന്നേററക്കഴകവും, ദ്രാവിഡമുന്നേററക്കഴകവും, കാശ്മീർ നാഷണൽ കോൺഫറൻസും പോലെയുള്ള പ്രാദേശികപാർട്ടികൾക്ക് ഇന്നും വ്യാപകമായ ജനപിന്തുണയുണ്ട്. അവയുടെ വിശ്വാസ്യത നഷ്ടപ്പെട്ടിട്ടില്ല.

പ്രാദേശികഭാഷകൾ, പ്രാദേശികസംസ്കാരങ്ങൾ, പ്രാദേശിക വ്യക്തിത്വങ്ങൾ, പ്രാദേശിക അഭിമാനങ്ങൾ എന്നിവ ഇന്ത്യയിലിപ്പോഴും അടിഞ്ഞമർന്നുകിടക്കുകയാണ്. ഇവയുടെ സംരക്ഷണത്തിലും പോഷണത്തിലും പ്രതിജ്ഞാബദ്ധങ്ങളായ പ്രാദേശികപാർട്ടികൾക്ക്, ശരിയായ നേതൃത്വം ലഭിക്കുന്നപക്ഷം, എന്തു നേടാൻ കഴിയുമെന്നതിനു 'തെലുഗുദേശ'ത്തിന്റെ ഹ്രസ്വചരിത്രം മികച്ച ഉദാഹരണമാകുന്നു.

നേതാക്കൾ സമരത്തിന്റെ മാർഗത്തിൽനിന്നു പിൻതിരിഞ്ഞു് ജനാധിപത്യപ്രക്രിയയിൽ പങ്കെടുത്തുതുടങ്ങുന്നതോടെ അസാം സംസ്ഥാനം ഒരു പ്രാദേശിക രാഷ്ട്രീയകക്ഷിയുടെ ഭരണത്തിൻകീഴിൽ വരാനാണു സാദ്ധ്യത.

മതത്തിൽനിന്നു് ഊന്നൽ ഭാഷയിലേക്കു മാററിയാൽ, പഞ്ചാബിന്റെ ഭരണം അകാലികളുടെ കൈയിലാവാൻ ഏറെ താമസമുണ്ടാവില്ല. അപ്പോൾ അകാലികൾ ഒരു മതസംഘടനയല്ലാതെ, പ്രാദേശിക രാഷ്ട്രീയപ്പാർട്ടിയായിത്തീരും.

മഹാരാഷ്ട്രത്തിലും ഗുജറാത്തിലും ഒറീസയിലും മാത്രമല്ല, ഹിന്ദി പ്രദേശങ്ങളിൽപ്പോലും പ്രാദേശികപാർട്ടികൾ രൂപവൽക്കരിക്കപ്പെടാനുള്ള സാദ്ധ്യതകളുണ്ട്.

ഇത്തരം പ്രാദേശികപാർട്ടികളുടെ ഒരു ഫെഡറേഷൻ ഇന്ദിരാ കോൺഗ്രസ്സിനെ തള്ളിമാററി കേന്ദ്രത്തിൽ അധികാരത്തിൽ വന്നുകൂടായ്കയില്ല. പക്ഷേ, അതിനു് ഇനിയും ഏറെ സമയം പിടിക്കും.

ഇങ്ങനെയൊരു ശരിയായ വികല്പം ഉരുത്തിരിഞ്ഞുവരുംമുമ്പ്, അഖിലേന്ത്യാനാട്യക്കാരായ നറുങ്ങുപാർട്ടികളെയും അഴിമതിക്കും ദുർഭരണത്തിനും കുപ്രസിദ്ധി നേടിയ, തലക്കനം മാത്രം കൈമുതലായുള്ള അവയുടെ നേതാക്കളെയും ഉൾപ്പെടുത്തി നിർമ്മിക്കുന്ന താല്ക്കാലിക കൂട്ടുകെട്ടുകൾ ഇന്ത്യയുടെ ദേശീയ പ്രതിസന്ധിയുടെ ആഴം കൂട്ടാൻ മാത്രമേ ഉപകരിക്കൂ എന്നതാണ് അല്പകാലത്തെ ജനതാഭരണം നമ്മെ വേദനിപ്പിച്ചു പഠിപ്പിച്ച പാഠം. ആ പാഠം നാം മറക്കാറായിട്ടില്ല.

സർക്കസ്സുകളിൽ, കായികാഭ്യാസികൾ ട്രപ്പീസിൽനിന്നു് ഇറങ്ങിയശേഷം, കോമാളികൾ ട്രപ്പീസിനു ചുവട്ടിൽ കൂടിനിന്നു ചില അഭ്യാസാഭാസങ്ങൾ കാണിച്ചു കാഴ്ചക്കാരെ ചിരിപ്പിക്കാറുണ്ടല്ലോ. പല 'അഖിലേന്ത്യാ' നേതാക്കളുടെയും പ്രകടനങ്ങൾ നമ്മിൽ ഉണർത്തുന്നതു് ഇത്തരം ചിരി മാത്രമാണ്.

(5 ജൂൺ, 1983)

# 46. അസാമിലെ തെരഞ്ഞെടുപ്പ്

'തെരഞ്ഞെടുപ്പ്' എന്നു് എഴുതിപ്പോയി. ക്ഷമിക്കുക! എഴുതേണ്ടിയിരുന്നതു് 'ആഭ്യന്തരസമരം' എന്നാണ്. ഫെബ്രുവരി 14, 17, 20 തീയതികളിൽ അസാമിൽ നടന്നതു് തെരഞ്ഞെടുപ്പല്ല; നീണ്ട ആഭ്യന്തര സമരത്തിനിടയിലെ പൊരിഞ്ഞ പോരാട്ടം ആയിരുന്നു. ആഭ്യന്തര സമരത്തിൽ ഒരു ഭാഗത്തു പൊരുതുന്നതു് അസാമിൽ ജനിച്ചു വളരുകയും